# ചന്ദ്രികാ വസന്തം

## കഥാസംഗ്രഹം

സ്വപ്നത്തിലെ നിധി തേടി നടക്കുന്ന സാധാരണക്കാരായ മനുഷ്യരുടെ കഥയാണിത്.
ലോകം മുഴുവൻ വെട്ടിപ്പിടിച്ചാലും ഒരുവന് ലഭിക്കേണ്ട യഥാർത്ഥ നിധി കണ്ടെത്താൻ ആവില്ലെന്നും, അധ്വാനത്തിന്റെ വിയർപ്പ് കൊണ്ട് അന്നം വിളയിക്കുന്നവന്റെ കുടുംബങ്ങളിൽ നിറയുന്ന സന്തോഷമാണ് യഥാർത്ഥ നിധി എന്നും വളരെ ലളിതമായി ഈ നാടകത്തിലൂടെ അവതരിപ്പിക്കുന്നു.

പണ്ഡിതനും പാമരനും, സമ്പന്നനും ദരിദ്രനും മത്സരിച്ച് ജീവിക്കുന്ന ഇവിടെ, സമ്പത്തിന്റെ സമൃദ്ധിക്കു വേണ്ടി പറയാതെ, സന്തോഷത്തിന്റെ സമൃദ്ധി കണ്ടെത്താൻ ഓരോരുത്തർക്കും കഴിയട്ടെ എന്ന സന്ദേശമാണ് ഈ നാടകം പകർന്നു തരുന്നത്.

ഒരു എടുത്തുചാട്ടത്തിന് ജീവിതം അവസാനിപ്പിച്ച് മാതാപിതാക്കൾക്ക് തീരാ വേദന സമ്മാനിക്കുന്ന മക്കളെ കുറിച്ചും, സ്നേഹത്തിന്റെ പേരിൽ വെട്ടിമുറിക്കപ്പെടുന്ന ആത്മാഭിമാന കൊലപാതകങ്ങളെ കുറിച്ചും,കുടുംബത്തിലെ സ്ത്രീപുരുഷ സമത്വത്തെ കുറിച്ചും ഈ നാടകം ചർച്ച ചെയ്യുന്നു.

രാജാവ് ആണെങ്കിലും യാചകൻ ആണെങ്കിലും ആത്യന്തികമായി ഒടുവിൽ ഒരു തലയോട് ആയി അവസാനിക്കുന്ന മനുഷ്യന്റെ നിസ്സാരതയെ എടുത്തുകാട്ടി നാടകം അവസാനിക്കുന്നു.